20
ജൂൺ 2016
തിങ്കൾ
1191 മിഥുനം 6

മലയാള മനോര

ESTABLISHED 1888

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | മംഗളൂരു | ബഹ്റൈൻ | ദുബായ് | ദോഹ

സ്നേഹക്കൂടൊരുക്കി നമസ്തെ 16-ാം വർഷത്തിലേക്ക്

വെള്ളനാട് • അശരണ ബാല്യങ്ങൾക്കു സ്നേഹക്കൂടൊരുക്കി നമസ്തെ പതിനാറാം വർഷത്തിലേക്ക്. 2000ത്തിൽ വെള്ളനാട് കുളക്കോട് പ്രവർത്തനം തുടങ്ങിയ നമസ്തെ വിങ്സ് ടു ഫ്ലൈ എന്ന സന്നദ്ധ സംഘടന അനവധി പേർക്കു കാരുണ്യത്തിന്റെ കൈത്താങ്ങാണ്.

ഗൃഹാന്തരീക്ഷത്തിൽ ആരോരുമില്ലാത്ത ബാല്യങ്ങൾക്ക് ഒരു അഭയ കേന്ദ്രം എന്ന നിലയിലാണ് നമസ്തെയുടെ പ്രവർത്തനങ്ങൾക്കു തുടക്കം. ഇപ്പോൾ 80 കുട്ടികൾക്കാണു നമസ്തെ സ്നേഹത്തണലാകുന്നത്. സ്പോൺസർഷിപ്പിലൂടെ ആയിരത്തിൽപരം കുട്ടികൾക്കും. അഞ്ച് മുതൽ 21 വയസ്സു വരെയുള്ള കുട്ടികൾ ഇവിടെയുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക താമസ സൗകര്യത്തിനു പുറമെ ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെയുള്ള കുട്ടികൾക്കു നമസ്തെയിൽ ട്യൂഷനും നൽകുന്നു. ബാക്കിയുള്ള കുട്ടികളെ മറ്റു സെന്ററുകളിലയച്ചും പ്രത്യേക ട്യൂഷൻ നൽകുന്നു. ജൂനിയർ, സബ് ജൂനിയർ വിഭാഗങ്ങളിൽ രണ്ട് വോളിബോൾ ടീമും നമസ്തെയ്ക്കുണ്ട്. കൂടാതെ പട്ടികവർഗ വകുപ്പിന്റെ സഹായത്തോടെ കോട്ടൂർ ട്രൈബൽ ഹോസ്റ്റലിൽ 40 കുട്ടികളും താമസിക്കുന്നു. ഇത്തവണ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ തിളക്കമാർന്ന വിജയവും നമസ്തെയിലെ കുട്ടികൾ കരസ്ഥമാക്കി. പിന്നാക്ക മേഖലകളിൽ കുട്ടികൾക്കു സൗജന്യ വിദ്യാഭ്യാസത്തിനായി അഞ്ച് നഴ്സറികളും, ജില്ലയുടെ വിവിധയിടങ്ങളിൽ 11 ട്യൂഷൻ സെന്ററുകളുമുണ്ട്.

കുട്ടികൾക്കു പുറമെ വിധവകളെയും, അശരണരെയും നമസ്തെ ഏറ്റെടുക്കുന്നു. ഈ അമ്മമാരുടെ കൈകളിലാണ് അന്തേവാസികളുടെ സംരക്ഷണ ചുമതല. താമസസൗകര്യത്തിനു പുറമെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇവർക്കു നൽകും. നിർധന കുടുംബങ്ങളിലെ 1600 ഓളം കുട്ടികൾക്കു വിദ്യാഭ്യാസ, ചികിത്സാ സഹായങ്ങളും നമസ്തെയുടെ വകയായി നൽകുന്നുണ്ട്. അന്തേവാസികളിൽ ഭൂരിഭാഗവും തീരദേശ, മലയോര, ആദിവാസി മേഖലകളിൽ നിന്നുള്ളവരാണ്.

കുട്ടികൾക്ക് ആവശ്യമായ ബുക്കുകളും, ബാഗുകളും നിർമിക്കുന്നതു നമസ്തെയുടെ ചെറുകിട തൊഴിൽശാലകളിലാണ്. നമസ്തെയുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത് രാമചന്ദ്രൻ നായർ പ്രസിഡന്റും വിനോദ് കുമാർ സെക്രട്ടറിയുമായുള്ള ഭരണസമിതിയാണ്. ഇവരുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു പിന്നിൽ സർക്കാരിൽ നിന്നു കിട്ടുന്ന തുച്ഛമായ ഗ്രാന്റും ഉദാരമതികളുടെ സംഭാവനകളുമാണ്. ഫോൺ: 0472-2883080, 9656883080.